A

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

702

## ആത്യന്തിക വിലയിരുത്തൽ I 2026-2027

### കേരളപാഠാവലി

ക്ലാസ്: 7 | സമയം: 2 മണിക്കൂർ 15 മിനിറ്റ്

**നിർദേശങ്ങൾ**

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഒന്നിനു മാത്രം ഉത്തരമെഴുതിയാൽ മതി.

**(1) വായിക്കാം, എഴുതാം**

യാത്ര എന്നു പറഞ്ഞാൽ വളരെ ദൂരത്തേക്കൊന്നുമല്ല. എന്നാൽ മനോഹരമായ ഒരിടത്തേക്ക്. അമ്മൂമ്മയുടെ വീട്ടിലെ പറമ്പിലേക്ക്! തുടക്കത്തിൽ ചെറിയൊരു പേടിയുണ്ടായിരുന്നു. പക്ഷേ അത് പെട്ടെന്ന് മാറി. പേടി മാറ്റിയത് കുറേ പൂമ്പാറ്റകളും പക്ഷികളും പിന്നെ ഒരണ്ണാനുമായിരുന്നു. പോയി തിരികെ വരുന്നതുവരെ പൂമ്പാറ്റകൾ എന്റെ കൂടെത്തന്നെയുണ്ടായിരുന്നു. എന്നെ സന്തോഷിപ്പിക്കാൻ പക്ഷികളുടെ മധുരതരമായ ഗാനങ്ങളും. ഇടയ്ക്ക് വ്യത്യസ്തമായ ഒരു ശബ്ദം കേട്ടു. അതാരാണെന്നു ഞാൻ കണ്ടെത്തി. അത് അണ്ണാനായിരുന്നു. ഒരു കുഞ്ഞണ്ണാൻ. ഇതെല്ലാം കണ്ടപ്പോൾ എനിക്ക് വളരെ സന്തോഷമായി. ആ മരങ്ങളുടെ ഇടയിലൂടെ നടക്കാൻ എന്ത് സുഖമാണെന്നോ? ഈ മനോഹരമായ പ്രകൃതിയേയാണ് മനുഷ്യർ വെട്ടി നശിപ്പിക്കുന്നത്! ഇനി ആരെങ്കിലും പ്രകൃതിയെ നശിപ്പിക്കുന്നത് കണ്ടാൽ ഞാൻ തീർച്ചയായും എതിർക്കുക തന്നെ ചെയ്യും. ഉറപ്പ്...

(ഒരു മനോഹര യാത്ര - അഞ്ജന എസ്.)

a) കുട്ടിയുടെ യാത്ര എവിടേക്കായിരുന്നു?

A. കുളത്തിലേക്ക്

B. പുഴയിലേക്ക്

C. അമ്മൂമ്മയുടെ വീട്ടുപറമ്പിലേക്ക് ✓

D. കാട്ടിലേക്ക്

b) കുട്ടിയുടെ യാത്രയിലുടനീളം കൂടെയുണ്ടായിരുന്നത് ആരാണ്?

A. അണ്ണാൻ

B. പൂമ്പാറ്റകൾ ✓

C. കിളികൾ

D. വണ്ടുകൾ

c) കുട്ടിയുടെ യാത്രാനുഭവവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ തിരഞ്ഞെടുത്തെഴുതുക.

i. കുട്ടിയുടെ പേടി മാറ്റിയത് കുറെ പൂമ്പാറ്റകളും പക്ഷികളും പിന്നെ ഒരണ്ണാനുമായിരുന്നു.

ii. ഇടയ്ക്ക് വ്യത്യസ്തമായ ഒരു ശബ്ദം കേട്ടത് കുയിലിന്റേതായിരുന്നു.

A. ഒന്നും രണ്ടും ശരി

B. രണ്ട് മാത്രം ശരി

C. ഒന്നും രണ്ടും തെറ്റ്

D. ഒന്നു മാത്രം ശരി

d) യാത്രയ്ക്കിടയിൽ കുട്ടി കേട്ട വ്യത്യസ്തമായ ശബ്ദം ആരുടേതായിരുന്നു?

A. അമ്മൂമ്മയുടെ

B. കാടിന്റെ

C. കുയിലിന്റെ

D. അണ്ണാന്റെ

e) കാര്യകാരണ ബന്ധം നോക്കി ശരിയുത്തരം കണ്ടെത്തുക.

കാര്യം : പ്രകൃതിയെ നശിപ്പിക്കുന്നത് കണ്ടാൽ ഞാൻ തീർച്ചയായും എതിർക്കുക തന്നെ ചെയ്യും. ഉറപ്പ്....

കാരണം : അമ്മൂമ്മയുടെ വീട്ടുപറമ്പിൽ നിന്ന് കുട്ടിക്ക് കിട്ടിയ യാത്രാനുഭവങ്ങൾ മനോഹരമായിരുന്നു.

A. കാര്യം ശരി കാരണം തെറ്റ്

B. കാര്യവും കാരണവും ശരി

C. കാര്യം തെറ്റ് കാരണം തെറ്റ്

D. കാര്യം തെറ്റ് കാരണം ശരി

**(2)** a) കുറിപ്പ്

വിസ്മയക്കാഴ്ചകളുടെ ഉറവിടങ്ങൾ തേടിയുള്ള യാത്രകളുടെ ഭംഗി 'പ്രപഞ്ചം മുഴുവൻ പൂമ്പാറ്റകൾ' എന്ന പാഠഭാഗത്ത് പരിചയപ്പെട്ടല്ലോ? എന്നും ഓർമ്മയിൽ സൂക്ഷിക്കുന്ന ഒരു യാത്രയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

b) കാടിന്റെ കഥാകാരൻ ആര്?

A. രവീന്ദ്രൻ

B. ബിമലേന്ദ്രചക്രവർത്തി

C. എം.ടി വാസുദേവൻ നായർ

D. എൻ. എ നസീർ

c) 'അഗ്നിസാക്ഷി'എന്ന നോവൽ രചിച്ചതാര്?

A. സുഗതകുമാരി

B. ലളിതാംബിക അന്തർജനം

C. ജി. കുമാരപ്പിള്ള

D. ബാലാമണിയമ്മ



OXFORD

ചുവടെ കൊടുത്ത **3A, 3B** എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് മാത്രം ഉത്തരമെഴുതുക

**3.A** ആസ്വാദനക്കുറിപ്പ്

ചിത്രശലഭം



മഴവില്ലിൻ മുത്തുകൾ ചിതറിത്തെറിച്ചോരു
വിസ്മയവൈഭവം പോലെ
വർണശബളമാം നൂലുകൊരുത്തൊരു
മിന്നുന്ന കുപ്പായം ചാർത്തി
ആനന്ദത്തിന്റെ വെളിച്ചത്തിലിങ്ങനെ
മായാജാലം പോലെ മന്ദം
മരതകക്കല്ലു പതിപ്പിച്ച പോലെ നിൻ
മേനി കാണാനെന്തഴക്
ചേലെഴും ചിറകുവിടർത്തി നീ പാറുമ്പോൾ
വിസ്മയം തൂവുന്നു പാരിൽ
പുഷ്പങ്ങളാവോളം നിരയായി നിൽക്കുന്നോരു-
ദ്യാനമാണു നിൻ തോഴൻ

(അശ്വതി എ.വി)

പ്രകൃതി സുന്ദരമാണ്. മരങ്ങളും പൂക്കളും കിളികളും അതിനെ കൂടുതൽ സുന്ദരമാക്കുന്നു. 'ചിത്രശലഭം' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

**3.B** താരതമ്യക്കുറിപ്പ്

'പച്ച മണ്ണിലൊരായിരം ജീവനെ
പിച്ചവെപ്പിക്കുവാനായിലക്കൈ നീട്ടി
ചില്ലുവെള്ളിച്ചിരിക്കിലുക്കങ്ങൾക്കൊത്തു
മെല്ലെ മെല്ലെത്തലയാട്ടുകയായ് മരം'

തന്നിരിക്കുന്ന കവിതയിലെ ആശയവും 'ഇലകൾ' എന്ന കവിതയിലെ ആശയവും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ചുവടെ കൊടുത്ത **4A, 4B** എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.

**4.A** വിശകലനക്കുറിപ്പ്

'വനനിഗൂഢതകളുടെ ആഴം തിരിച്ചറിയാനാകാതെ ഞാൻ ആ കയത്തിൽ മുങ്ങിപ്പോയി. എനിക്കതിൽ നിന്ന് കരകയറണമെന്ന ആഗ്രഹം ലവലേശമില്ലായിരുന്നു'.

ഈ വരികളിലൂടെ യാത്രികൻ അർഥമാക്കുന്നതെന്ത്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

അല്ലെങ്കിൽ

**4.B** അഭിപ്രായക്കുറിപ്പ്

'അവൻ തന്റെ അമ്മയുടെ മിനുങ്ങുന്ന കണ്ണുകൾ നോക്കാൻ അടുക്കളയിലേക്ക് ഓടി.' പ്രിയപ്പെട്ടവരുടെ സ്നേഹം എന്നും വ്യത്യസ്ത അനുഭവം തന്നെയാണ്. നിങ്ങളുടെ അഭിപ്രായം കുറിപ്പായി എഴുതുക.

**(5)** പത്രവാർത്ത

സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ചേറ്റുപുറം ഗവ. യു.പി സ്കൂളിലെ ഭാഷാക്ലബ്ബ് 'മനസ്സിലെ ക്രിളി' എന്ന കഥ നാടകമായി അവതരിപ്പിച്ചു.

ഇതുമായി ബന്ധപ്പെട്ട പത്രവാർത്ത തയ്യാറാക്കുക.

**(6)** കഥാപാത്ര നിരൂപണം

"അല്ലച്ചാ, നച്ചത്രം. എനിക്കു നച്ചത്രത്തിനേ വേണം." എന്നു പറഞ്ഞു കരയുന്ന കുട്ടിയെ 'നക്ഷത്രം' എന്ന കഥയിൽ പരിചയപ്പെട്ടല്ലോ.

കുട്ടിയുടെ സ്വഭാവത്തിലെ സവിശേഷതകൾ ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

OXFORD